Vikas

15604
31/3/17

5रु. कोर्ट फी Rs.5 COURT FEE भारत INDIA पाँच रुपये FIVE RUPEES

5रु. कोर्ट फी Rs.5 COURT FEE भारत INDIA पाँच रुपये FIVE RUPEES

17293

# വിവരം ലഭിക്കുന്നതിനുള്ള അപേക്ഷ

(2005-ലെ വിവരാവകാശ നിയമം 3-ാം വകുപ്പ്)

OFFICE OF THE DIRECTOR OF SOCIAL ... 27 APR 2017 ... TRIVANDRUM

To

പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ ഓഫീസിന്റെ / സ്ഥാപനത്തിന്റെ പേര്, മേൽവിലാസം) : ഡയറക്ടർ
സാമൂഹ്യനീതി വകുപ്പ്
തിരുവനന്തപുരം

1. അപേക്ഷകന്റെ പേരും മേൽവിലാസവും : ബെന്നി. മാത്യു. ചെരുവേലിൽ(H).
ചെമ്പനോട P.O. കോഴിക്കോട് - Dt
Pin- 673528

2. ലഭിക്കേണ്ട വിവരത്തിന്റെ വിശദാംശങ്ങൾ (ഏതിനം വിഷയമാണെന്ന് കാണിക്കാം)

2017 ഫെബ്രുവരി 15-ന്റെ H.R.M.P നമ്പർ 7377/2016
നമ്പർ കേസിലെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.
(ശ്രീ). പി-മോഹൻദാസ് ചെ. ഉ: ജുഡീഷ്യൽ ചെയർപേഴ്സൺ
പരാതിക്കാരനായ ബെന്നി. ചെരുവേലിൽ എന്ന എന്റെ മകൾക്ക്
കോഴിക്കോട് ജില്ല, ചക്കിട്ടപാറ പഞ്ചായത്തിലെ ചെമ്പനോട
സ്പെഷ്യൽ സ്കൂൾ - BRC യിൽ സേവനം നിഷേധിച്ചതിനാൽ

1 സാമൂഹ്യനീതി വകുപ്പ് എന്തു നടപടിയാണ് സ്വീകരിച്ചത്

2 തീവ്ര വൈകല്യ ബാധിതരെയും, പഞ്ചായത്തിലെ മാനസികരോഗികളെ
സ്ഥാപനത്തിൽ കഴിയുന്ന കുട്ടികൾക്ക് എന്തെല്ലാം സേവനം ചെയ്യുന്നത്. ഇതിന്
സമയപരിധിയുണ്ടോ?

3. വിവരം ഏതു വർഷത്തേതാണ് : 2017

4. പ്രസക്തമായ മറ്റ് വിവരങ്ങൾ (ഉണ്ടെങ്കിൽ) : ചക്കിട്ട ... ത്തിൽ തീവ്ര ഉള്ള
വൈക ... കളുടെ
സാമൂ ...
തിര ...
ചെയ്യ ...




സ്ഥലം ചെമ്പനോട

NB. മനുഷ്യാവ...
ചെയ്ത...

തീയതി 24/4/2017

**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം**

ഹാജർ:

**ശ്രീ പി.മോഹനദാസ് ബഹു: ആക്ടിംഗ് ചെയർപേഴ്സൺ**

2017 ഫെബ്രുവരി മാസം 15-ാം തിയതി

**<u>എച്ച്. ആർ. എം.പി. നമ്പർ : 7377/2016</u>**

**പരാതിക്കാരി** : ബെന്നി പെരുവേലിയിൽ<br>കാരുണ്യാ ചാരിറ്റബിൾ സൊസൈറ്റി<br>ചെമ്പനോടകം,കോഴിക്കോട്

**എതിർകക്ഷി** ചക്കിട്ടപ്പാറ പഞ്ചായത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ ചക്കിട്ടപ്പാറ പഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കളാണ് പരാതി സമർപ്പിച്ചിട്ടുള്ളത്. തങ്ങളുടെ ശ്രമഫലമായാണ് കുട്ടികൾക്കു വേണ്ടി ഒരു സ്പെഷ്യൽ സ്കൂൾ ആരംഭിച്ചതെന്നും, എല്ലാ സൗകര്യങ്ങളും ലഭിച്ചു കഴിഞ്ഞപ്പോൾ ഈ സ്കൂളിലെ ടീച്ചറും, പഞ്ചായത്ത് അധികൃതരും 18 വയസ്സിനു മുകളിൽ തൊഴിൽ ചെയ്യാൻ പറ്റുന്നവർക്ക് മാത്രമായി ഈ സ്ഥാപനം മാറ്റിയതായും, കിടപ്പു രോഗികളായവർക്ക് പ്രവേശം നിഷേധിച്ചതായും മറ്റുമാണ് ഹർജി സംഗതി.

പരാതി വിഷയത്തെ സംബന്ധിച്ച് ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഹാജരാക്കിയ റിപ്പോർട്ട് പ്രകാരം ചക്കിട്ടപ്പാറയിൽ പ്രവർത്തിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെൻററിൽ ... ശയ്യാവലംബരായുള്ളവരെ പരിചരിക്കാനുള്ള സൗകര്യം ഇല്ലാ... ...ലത്തിൽ ഇതിനു തീരുമാനം എടുക്കാൻ നിവൃത്തിയി... ...മാനം ഉണ്ടായാൽ മാത്രമെ ഇതിനു പരി...



വയസ്സിനു മുകളിലുള്ളവർക്ക് തൊഴിൽ പരിശീലനത്തിനുള്ള സൗകര്യം മാത്രമാണ് ഉള്ളതെന്നും റിപ്പോർട്ടിലുണ്ട്.

പരാതി പരിഗണനക്കെടുത്ത സമയം ഹാജരുണ്ടായിരുന്ന പരാതിക്കാരൻ തങ്ങളുടെ ശ്രമഫലമായാണ് 10 ലക്ഷം രൂപ സർക്കാരും, 13 ലക്ഷം രൂപ ഗ്രാമപഞ്ചായത്തും അനുവദിക്കുകയുണ്ടായതെന്നും, അപ്രകാരം 23 ലക്ഷം രൂപ മുടക്കി ഹർജിക്കാർ ചേർന്നാണ് കെട്ടിടം പണി പൂർത്തിയാക്കിയതെന്നും, ഒന്നര വർഷത്തോളം തങ്ങളുടെ കുട്ടികളെ സംരക്ഷിച്ചുവന്നതായും, എന്നാൽ എല്ലാ സൗകര്യങ്ങളും ലഭിച്ചു കഴിഞ്ഞതിനുശേഷം കിടപ്പുരോഗികൾക്ക് പ്രവേശനമില്ലായെന്നു പറയുന്നത് നീതികരണമില്ലായെന്നും പറയുന്നു.

ഈ പ്രദേശത്തെ ദുരിതബാധിതരായ കുട്ടികൾക്കും, അവരുടെ കുടുംബാംഗങ്ങളുടെ ക്ഷേമത്തിനും വേണ്ടിയാണ ഇപ്രകാരം ബഡ്സ് സ്കൂൾ ആരംഭിച്ചതെന്നും, എന്നാൽ ഇപ്പോൾ 18 വയസ്സിനു മുകളിലുള്ളവർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രം എന്നാക്കിമാറ്റിയത് തികഞ്ഞ അനീതിയാണെന്നും രക്ഷിതാക്കൾ പറയുന്നു.

ബഡ്സ് സ്കൂളിൽ ശയ്യാവലംബരായവരെ പരിചരിക്കാൻ സൗകര്യമില്ലായെന്നു പറയുന്നത് ഖേദകരമാണ്. ആയതിനാൽ ചക്കിട്ടപ്പാറയിൽ പ്രവർത്തിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെൻററിൽ ശയ്യാവലംബരായവരെ കൂടി പരിചരിക്കാനുള്ള സൗകര്യം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും, സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറോടും നിർദേശിച്ചുകൊണ്ട് പരാതി അവസാനിപ്പിക്കുന്നു

ഒപ്പ്
പി.മോഹനദാസ്
ആക്ടിംഗ് ചെയർപേഴ്സൺ

/ശരിപകർപ്പ്/ രജിസ്ട്രാർ

